നഗരപ്രദേശങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ

82 (3834) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ എത്തുന്നവർക്കും യാത്രക്കാർക്കും പ്രാഥമിക സൗകര്യങ്ങൾക്ക് സ്ഥലമോ, സംവിധാനങ്ങളോ ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) നഗര പ്രദേശങ്ങളിൽ ആളുകൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി സ്വകാര്യ ഏജൻസികളുടെ സഹായത്തോടെ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) തിരുവനന്തപുരം നഗരസഭാതിർത്തിക്കുള്ളിൽ തിരുവനന്തപുരം നഗരസഭ സ്ഥാപിച്ചിട്ടുള്ള 13 കംഫർട്ട് സ്റ്റേഷനുകളും തിരുവനന്തപുരം വികസന അതോറിറ്റി സ്ഥാപിച്ചിട്ടുള്ള 2 വിശ്രമ സങ്കേതങ്ങളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ, ബി. ഒ. ടി. വ്യവസ്ഥയിൽ 6 കംഫർട്ട് സ്റ്റേഷനുകൾ കൂടി നിർമ്മിക്കാൻ തിരുവനന്തപുരം നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി&ഇ) ഉണ്ട്. പേരൂർക്കട, മ്യൂസിയം, ജനറൽ ആശുപത്രി ജംഗ്ഷൻ, വഞ്ചിയൂർ, തമ്പാനൂർ, കിഴക്കേകോട്ട എന്നീ സ്ഥലങ്ങളിൽ ബി.ഒ.ടി. വ്യവസ്ഥയിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കാൻ സുലഭ് ഇന്റർ നാഷണൽ സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ ചുമതലപ്പെടുത്താൻ തിരുവനന്തപുരം നഗരസഭയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ പ്രസ്തുത ഓർഗനൈസേഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുമുണ്ട്.

വാൽമീകി അംബേദ്കർ ആവാസ് യോജനയനുസരിച്ച് ലഭിച്ച തുക

83 (3835) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ വാൽമീകി അംബേദ്കർ ആവാസ് യോജന അനുസരിച്ച് 2001-2002,

LIBRARY ARCHIVES Kerala Legislative Assembly